**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4242 13.12.2018-ലെ മറുപടിയ്ക്ക്

## കായിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.ശർമ്മ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | കായിക മേഖലയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 700 കോടി രൂപയുടെ നിർമ്മാണ/നവീകരണ പ്രവർത്തികൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ എല്ലാ ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയവും എല്ലാ പഞ്ചായത്തിലും ഒരു കളിക്കളവും ഉൾപ്പെടുന്നു. ആദ്യഘട്ടമായി 57 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു.<br>35-ാമത് ദേശീയ ഗെയിംസിനു വേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി നടപ്പ് സാമ്പത്തിക വർഷം 14.5 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നവീകരണ പ്രവർത്തികൾ നടന്നു വരുന്നു.<br>കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻ ഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർ ലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>കായിക വകുപ്പിന് കൈമാറി കിട്ടിയ ജി.വി.രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ആകെ 51.18 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ കോർട്ട്, വോളീബോൾ |

| | | | |
|---|---|---|---|
| | | | കോർട്ട്, ബാഡ്മിന്റൺ കോർട്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവ നിർമ്മിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു.<br>കായിക താരങ്ങൾക്ക് മികച്ച പരിശീലനം നൽകുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു.<br>മികച്ച കായിക താരങ്ങൾക്ക് ക്യാഷ് അവാർഡും സർക്കാർ ജോലിയും നൽകുന്ന പദ്ധതിയും നിലവിലുണ്ട്.<br>കായിക മേഖലയിൽ മികച്ച നേട്ടം കൈവരിക്കുന്ന കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം പ്രതി വർഷം 50 ഒഴിവുകൾ കായികതാരങ്ങളുടെ നിയമനങ്ങൾക്കായി നീക്കി വച്ചിട്ടുണ്ട്.<br>35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് സെക്രട്ടറിയേറ്റിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി.കെ.രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.<br>കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുള്ളതും ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്ക് സർക്കാർ ജോലി നൽകുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്.<br>ഒഡീഷ്യയിലെ ഭുവനേശ്വരിൽ വച്ച് നടന്ന 22-ാമത് ഏഷ്യൻ അത്ലറ്റിക് ചാമ്പ്യൻഷിപ്പിൽ |

| | | | |
|---|---|---|---|
| | | | 1500 മീറ്ററിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ മലയാളി കായിക താരം കുമാരി പി.യു.ചിത്രയ്ക്ക് തുടർ പരിശീലന ചിലവിലേയ്ക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രതിദിനം 500/-രൂപയും, മികച്ച കായിക താരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഡോ.എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 10,000/- രൂപയും അനുവദിച്ചിട്ടുണ്ട്.<br>ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ദേശീയ/ അന്തർദേശീയ മത്സരങ്ങളിൽ വിജയികളായ കായികതാരങ്ങൾക്ക് 2013-14 മുതൽ 2015-16 വരെ ക്യാഷ് അവാർഡ് ഇനത്തിൽ കുടിശ്ശികയായിരുന്ന മുഴുവൻ തുകയും വിതരണം ചെയ്തിട്ടുണ്ട്.<br>മികച്ച കായിക താരങ്ങൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ക്ലാസ് III, ക്ലാസ് IV തസ്തികകളിലെ നിയമനങ്ങളിൽ അധികമാർക്ക് നൽകുന്ന പദ്ധതി പ്രകാരം 32 കായിക ഇനങ്ങളെ അധികമാർക്ക് നൽകുന്നതിന് പരിഗണിച്ചുവരുന്നുണ്ട്.<br>ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിക്കുന്ന കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നതോടൊപ്പം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ സ്കീമുകളിൽ ഉൾപ്പെടുന്ന കായിക താരങ്ങൾക്ക് ചികിത്സാ ധനസഹായവും അനുവദിച്ചു വരുന്നുണ്ട്.<br>ദേശീയ സിവിൽ സർവ്വീസസ് മത്സരങ്ങളിൽ പങ്കെടുത്ത് 1,2,3 സ്ഥാനങ്ങൾ നേടുന്ന കായിക താരങ്ങൾക്ക് യഥാക്രമം 5000,3000, 1500 രൂപ ക്രമത്തിൽ ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്.<br>സംസ്ഥാന സ്കൂൾ, കോളേജ് കായിക മത്സരങ്ങളിൽ വിജയിച്ച സ്കൂൾ, കോളേജ് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ കായിക താരങ്ങൾക്കായി സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. സ്കൂൾ കായിക മേളയിൽ ഒന്നാം സ്ഥാനം നേടുന്ന സ്കൂൾ കുട്ടികൾക്ക് ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങളും എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നതോടൊപ്പം ദേശീയ തലത്തിൽ ഒന്നും, രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് യഥാക്രമം 25,000/-, 20,000/-, 15,000/-രൂപ ക്രമത്തിൽ ക്യാഷ് അവാർഡും സംസ്ഥാന തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന കുട്ടികൾക്ക് യഥാക്രമം 375/-, 250/-, 125/- ക്രമത്തിൽ പ്രൈസ് മണിയും നൽകി വരുന്നുണ്ട്. ഇത് കഴിഞ്ഞ 5 വർഷമായി മുടങ്ങിക്കിടന്നത് ഈ സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന/ദേശീയ റെക്കാർഡുകൾ കരസ്ഥമാക്കുന്ന കുട്ടികൾക്ക് സ്വർണ്ണ പതക്കവും നൽകി വരുന്നു.<br>കായികതാരങ്ങൾക്ക് ധനസഹായം നൽകുന്നതിനായി കായിക വികസന നിധി രൂപീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം കായികവികസന നിധിയിൽ നിന്നും 7 കായിക താരങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.<br>കൂടാതെ കായികമേഖലയുടെ വിദൂരഭാവിയിലെ ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം-I ൽ** ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | കായിക രംഗത്തെ ഏതെല്ലാം പദ്ധതികൾക്കാണ് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കായിക മേഖലയുടെ ആസ്തി വികസനത്തിനായി കിഫ്ബി മുഖേന 528.90 കോടി രൂപയുടെ 36 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ ലിസ്റ്റ് **അനുബന്ധം-II** ആയി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം- I**

കായിക മേഖലയുടെ വിദൂരഭാവിയിലെ ലക്ഷ്യം മുൻനിർത്തി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

**1) ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)**

ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 18 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ 8 സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്ക് പുറമെ ടി സ്കൂളുകളുടെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെ ഉൾപ്പെടുത്തി പരിശീലന ക്യാമ്പ് സംഘടിപ്പിച്ച് മികവ് തെളിയിക്കുന്ന 25 കുട്ടികൾക്കാണ് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നത്.

2) **ട്രിവാൻഡ്രം മാരത്തോൺ പദ്ധതി,**

കായിക കേരളത്തിലെ ഒരു സുപ്രധാന കായിക ഇനമായി മാറുന്ന തരത്തിൽ വിപുലമായ ക്രമീകരണങ്ങളോടെ കായികയുവജനകാര്യ വകുപ്പ് തുടക്കം കുറിച്ച പദ്ധതിയാണ് സ്പോർട്സ് കേരള മാരത്തോൺ. ഇതിനോടകം അന്തർദേശീയ കായിക കലണ്ടറിൽ ഇടം നേടിയ ഈ കായിക ഇനത്തിൽ ദേശീയ, അന്തർദേശീയ കായിക താരങ്ങൾ ഉൾപ്പെടെ പങ്കെടുക്കുന്നതാണ്. പ്രളയാനന്തര ദുരിതാശ്വാസ/പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ധനസമാഹരണം ലക്ഷ്യമാക്കിയുള്ള ഈ വർഷത്തെ മത്സരത്തിന്റെ എൻട്രി ഫീ തുക ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മുതൽക്കൂട്ടുന്നതാണ്. വിവര പൊതുജനസമ്പർക്ക വകുപ്പ് വഴിയുള്ള പ്രചരണത്തിന് മാത്രമായി സർക്കാർ ധനവിനിയോഗമുള്ള ഈ പരിപാടിയുടെ നടത്തിപ്പ് ചെലവുകൾ, സമ്മാനതുകകൾ തുടങ്ങിയവയെല്ലാം സ്പോൺസർഷിപ്പ് വഴി സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്.

യുവജനങ്ങളടക്കമുള്ള വിവിധ വിഭാഗം ജനങ്ങളെ സജീവ ജീവിത ശൈലിയിലേക്കും കായിക വിനോദങ്ങളിലേക്കും ആകർഷിക്കുകവഴി ആരോഗ്യകരമായ ജീവിതനിലവാരം പ്രദാനം ചെയ്യുക എന്ന സർക്കാർ നയത്തിന് അനുയോജ്യമായ പരിപാടികളാണ് മാരത്തോണിനോടൊപ്പം നടത്തുന്നത്.

**3) പ്ലേ ഫോർ ഹെൽത്ത്.**

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പു വരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ

അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

**4) എലൈറ്റ് സ്കീം**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ്ബാൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കായിക താരങ്ങളെ ഏഷ്യൻ/ കോമൺവെൽത്ത്/ഒളിമ്പിക് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇവർക്ക് പ്രതിദിനം 400/-രൂപ നിരക്കിൽ ഡി.എയും വിദഗ്ദ്ധ പരിശീലനവും, സ്പോർട്സ് കിറ്റും കായിക ഉപകരണങ്ങളും സപ്ലിമെന്ററി ഫുഡും ചികിത്സാ ചെലവും നൽകി വരുന്നു.

**5) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**

2020, 2024-ലെ വർഷങ്ങളിലെ ഒളിമ്പിക്സുകളിൽ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കാൻ കേരള കായിക താരങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ നിശ്ചിത കായിക ഇനങ്ങളിലായി തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കാൻ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ".

**6) സ്പ്ലാഷ് & എയ്സ് (ACE)**

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന സ്പ്ലാഷ് പദ്ധതി, ടെന്നീസ് കളിയിൽ തൽപ്പരരായ 4 മുതൽ 9 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE) എന്നീ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

S.O

[redacted]

അനുബന്ധം – 11

# കിഫ്ബി അംഗീകാരം ലഭിച്ച പദ്ധതികൾ

| നം | പദ്ധതിയുടെ പേര് |
|---|---|
| 1 | നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം |
| 2 | വയനാട് ജില്ലാ സ്റ്റേഡിയം |
| 3 | എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്സ്, മലപ്പുറം |
| 4 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്. |
| 5 | കൊടുമൺ സ്റ്റേഡിയം |
| 6 | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം |
| 7 | കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം |
| 8 | തിരുവനന്തപുരം തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം |
| 9 | നിലമ്പൂർ മിനി സ്റ്റേഡിയം |
| 10 | പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം |
| 11 | തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം |
| 12 | ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം |
| 13 | തൃശ്ശൂർ ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം |
| 14 | ഐയ്മനം പഞ്ചായത്ത് സ്റ്റേഡിയം |
| 15 | താനൂർ സ്റ്റേഡിയം |
| 16 | വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം |
| 17 | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം രണ്ടാം ഘട്ടം |
| 18 | കണ്ണൂർ ജവഹർ സ്റ്റേഡിയം |
| 19 | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്. |
| 20 | ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം |
| 21 | നടുവണ്ണൂർ വോളീബോൾ അക്കാദമി |
| 22 | നെടുങ്കണ്ടം സ്റ്റേഡിയം |
| 23 | മട്ടന്നൂർ സ്റ്റേഡിയം |
| 24 | പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം |
| 25 | പറളി സ്കൂൾ, പാലക്കാട് |
| 26 | കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം |
| 27 | കാസർഗോഡ് എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം |
| 28 | പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട് അരൂർ |
| 29 | പടിയൂർ ഇൻഡോർ സ്റ്റേഡിയം |
| 30 | പുല്ലൂരാംപാറ തിരുവമ്പാടി |
| 31 | മേപ്പയ്യൂർ സ്കൂൾ, കോഴിക്കോട് |
| 32 | പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, കണ്ണൂർ |
| 33 | പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം |
| 34 | അടൂർ മുനിസിപ്പൽ സ്റ്റേഡിയം |
| 35 | ആലപ്പുഴ റോവിംഗ് ട്രാക്ക് |
| 36 | മലപ്പുറം പി. മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയം |